# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4409   25.06.2019 ൽ മറുപടിക്ക്

### ഏറനാട് മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകാമോ;<br><br>ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണ്; ഭരണ സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കി അവ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) & ബി) നിരത്തു വിഭാഗത്തിനു കീഴിൽ 2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ<br>1. Improvement and providing BM & BC to Akampadam-Padar road in between Km 1/135 to 1/790 & 3/650 to Km 4/500 – തുക 150 ലക്ഷം – ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.<br>2. Improvement and providing BM & BC on Iruvetty-Amayoor road from Km 0/000 to 2/000- 300 ലക്ഷം – 40% പ്രവൃത്തികൾ പൂർത്തീകരിച്ചു |
| സി) സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് നടപ്പുവർഷം ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ; | സി) നടപ്പു വർഷം സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളൊന്നും ഏറനാട് മണ്ഡലത്തിൽ ഇല്ല. |
| ഡി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ നിന്നും ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി നൽകിയതെന്നും നടപടിക്രമങ്ങൾ പൂർത്തിയാക്കി പണി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | ഡി) കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| ഇ) | മണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിൽ 4/3/16ന് ഭരണാനുമതി നൽകിയ ആര്യൻ തൊടിക പാലത്തിന്റെ നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്നും എപ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | ഇ) | ആര്യൻ തൊടിക പാലത്തിന് നിലവിൽ ഭരണാനുമതി നൽകിയിട്ടില്ല. ബഡ്ജറ്റ് 2019-20 ൽ ടി പാലത്തിന് ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുണ്ട്. 20% പ്രൊവിഷനുള്ള പദ്ധതികൾ മാത്രം ഏറ്റെടുത്താൽ മതി എന്നതാണ് സർക്കാർ തീരുമാനം. |

സെക്ഷൻ ഓഫീസർ